# <u>കെജിഎംഒഎ തൃശൂർ - വാർഷിക റിപ്പോർട്ട് - 2020</u>

ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ കോവിഡ് 19 മൂലം അനതിസാധാരണമായ ഒരു സംഘടനാ വർഷമാണ് 2020 കെജിഎംഒഎ തൃശൂരിന് ഉണ്ടായത്. നേരിട്ടുള്ള യോഗങ്ങളും നേരിട്ടുള്ള സംഘടനാ പ്രവർത്തനവും നടത്തി പോകാൻ നിയമപ്രകാരം നിയന്ത്രണങ്ങൾ വന്നപ്പോൾ വീഡിയോ കോൺഫറൻസിങ്ങിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തി 21.03.2020 ന് തന്നെ അതായത് ദേശീയ തലത്തിൽ ലോക്ക് ഡൌൺ പ്രഖ്യാപിക്കുന്നതിന് മൂന്ന് ദിവസം മുൻപ് തന്നെ സൂം വീഡിയോ കോൺഫറൻസ് വഴി യോഗം സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ സംയോജിപ്പിക്കാൻ സംഘടനയ്ക്ക് കഴിഞ്ഞു.

തുടർന്നുള്ള മാസങ്ങളിൽ സംഘടനാ അംഗങ്ങളുടെ ക്ഷേമത്തിനായി നിരന്തരം പരിശ്രമിക്കാനും, പൊതു ജന നന്മയ്ക്കായി പ്രവർത്തിക്കാനും, അംഗങ്ങൾക്കെതിരെ വരുന്ന നയങ്ങൾക്കെതിരെ സുശക്തമായി പ്രതികരിക്കാനും തന്മൂലം അംഗങ്ങൾക്കിടയിൽ സാഹോദര്യം വർദ്ധിപ്പിക്കാനും സംഘടനയെ ശക്തിപ്പെടുത്താനും ആയി എന്ന് സസന്തോഷം രേഖപ്പെടുത്തുന്നു. ഈ വർഷം സൂം വഴി 12 ജനറൽ ബോഡി യോഗങ്ങളും 23 ജില്ലാ കമ്മിറ്റി യോഗങ്ങളും സംയുക്ത സംസ്ഥാന സമിതിയും 1 സൂം വഴിയുള്ള സംസ്ഥാന സമിതിയും 12 മറ്റു വിഷയങ്ങളിലുള്ള യോഗങ്ങളും നടത്താനായി.

ജില്ലയിലെ എക്കാലത്തെയും ഉയർന്ന അംഗത്വമായ 420 അംഗങ്ങൾ എന്ന നേട്ടം വർഷത്തിന്റെ മദ്ധ്യത്തിൽ തന്നെ കൈവരിക്കാൻ ജില്ലയ്ക്കായി. അംഗത്വം ഇത്രയും പെട്ടെന്ന് പൂർത്തീകരിച്ച് സെൻട്രൽ ഷെയർ അടച്ച സംസ്ഥാനത്തെ രണ്ടാമത്തെ ജില്ല എന്ന നേട്ടവും ജില്ലയ്ക്ക് കൈവരിക്കാനായി.

പൊതു ജന നന്മയ്ക്കായി തുടങ്ങിയ കൈറ്റ് (KITE) KGMOA INITIATIVE FOR TELE CONSULTATION മൂലം അനേകം പൊതു ജനങ്ങൾക്ക് ലോക്ക്ഡൌൺ സമയത്ത് ടെലിമെഡിസിൻ സേവനം നൽകാൻ ആയതും, കെജിഎംഒഎ തൃശൂർ അംഗങ്ങൾക്കായി തുടങ്ങിയ ഡെൽറ്റ (DELTA) DOCTORS EMERGENCY LIFE SAVING TASK FORCE മൂലം കെജിഎംഒഎ തൃശൂർ അംഗങ്ങളായ ഡോക്ടർമാർക്ക് അടിയന്തിര ഘട്ടങ്ങളിൽ സേവനങ്ങൾ നൽകാനായതും എടുത്ത് പറയേണ്ടത് തന്നെയാണ്.

ഇതു പോലെയുള്ള മികച്ച പല നേട്ടങ്ങളും ജില്ലയിൽ നേടാനായത് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനം ഒന്നു കൊണ്ട് മാത്രം ആണ്. ജൂനിയർ സീനിയർ വകഭേദമില്ലാതെ, കാഡർ വകഭേദമില്ലാതെ കൂട്ടായ സംഘടനാ

പ്രവർത്തനം ആണ് എല്ലാ അംഗങ്ങളും കാഴ്ച വെച്ചത്. ടി പ്രവർത്തിയിൽ അതീവ സന്തോഷവും നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് ഞാൻ റിപ്പോർട്ടിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നു.

## മീറ്റിങ്ങുകൾ - തീരുമാനങ്ങൾ

### ഫെബ്രുവരി 2020




- **09.02.2020ന് ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ കൂടിയ ജനറൽ ബോഡി യോഗം**

  പ്രസ്തുത യോഗത്തിൽ 2020 ലേക്ക് ഉള്ള ജില്ലാ ഭാരവാഹികൾ ചുമതലയേറ്റു. ഡോ റാസിം ആബിദ് ഇളയേടത്ത് ജില്ലാ പ്രസിഡന്റ് ആയും ഡോ ബിനോജ് ജോർജ് മാത്യു ജില്ലാ സെക്രട്ടറി ആയും ഡോ ദിവ്യ സുരേശൻ പി ജില്ലാ ട്രഷറർ ആയും ചുമതലയേറ്റു. വൈസ് പ്രസിഡന്റ് ആയി ഡോ മിനിമോൾ എഎ, ഡോ മനോജ് എംആർ, ഡോ പ്രദീഷ് കുമാർ എന്നിവരും, ജോയിന്റ് സെക്രട്ടറിമാർ ആയി ഡോ നിതിൻ പിഎം, ഡോ ജസ്ന എ.എം, ഡോ അജീഷ് സി.വൈ എന്നിവരും ചുമതലയേറ്റു. വിവിധ താലൂക്കുകളിലെ താലൂക്ക് കൺവീനർമാറും ചുമതലയേറ്റു.

- 15.02.2020 - ജില്ലാ കമ്മിറ്റി യോഗം - സംയുക്ത സംസ്ഥാന സമിതി തൃശൂരിൽ വെച്ച് നടത്തുന്നത് സംബന്ധിച്ച് സംഘാടക സമിതി രൂപീകരിച്ചു.




- **<u>23.02.2020 - സംയുക്ത സംസ്ഥാന സമിതി യോഗം</u>** - തൃശൂരിലെ ഹോട്ടൽ എലൈറ്റ് ഇന്റർനാഷണലിൽ വെച്ച് നടക്കുകയും എല്ലാ ജില്ലകളും സജീവമായി പങ്കെടുക്കുകയും ചെയ്തു.
- അംഗത്വ കാമ്പെയിന്റെ ഭാഗമായി 12 സ്ഥാപനങ്ങൾ ജില്ലാ നേതൃത്വവും മുതിർന്ന നേതാക്കളും അടങ്ങിയ സംഘം സന്ദർശിച്ചു.
- ജനറൽ അശുപത്രി തൃശൂരിലേക്ക് ആറടി ഉയരത്തിലുള്ള കോവിഡ് സന്ദേശ ബോർഡ് നൽകി.



## മാർച്ച് 2020

- 08.03.2020 - ജില്ലാ കമ്മിറ്റി യോഗം - ചാലക്കുടി താലൂക്ക് ആശുപത്രിയിലെ പ്രശ്നങ്ങൾ - ചർച്ച
- 21.03.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - ദേശീയ തലത്തിൽ ലോക്ക് ഡൌൺ പ്രഖ്യാപിക്കുന്നതിന് മൂന്ന് ദിവസം മുൻപ് തന്നെ സൂം വീഡിയോ കോൺഫറൻസ് വഴി യോഗം നടത്തി പ്രവർത്തനങ്ങൾ ഏകോപ്പിക്കാൻ ജില്ലയ്ക്ക് കഴിഞ്ഞു.
- 29.03.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - കോവിഡ് മുൻ നിർത്തിയുള്ള ചർച്ച, സായാഹ്ന ഒപി, ത്രി ലെയേർഡ് സിസ്റ്റം എന്നിവ ചർച്ച ചെയ്യപ്പെട്ടു.
- 30.03.20 - സൂം ജനറൽ ബോഡി യോഗം - 59 അംഗങ്ങൾ പങ്കെടുത്തു - കോവിഡ് മുൻ നിർത്തിയുള്ള ചർച്ച, കോവിഡ് സംബന്ധിച്ച് അംഗങ്ങളുടെ അഭിപ്രായം ക്രോഡീകരിച്ച് രൂപീകരിച്ച പ്രൊപ്പോസൽ ജില്ലാ കളക്ടർക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും സമർപ്പിച്ചു.

## ഏപ്രിൽ 2020

- 01.04.20 - മദ്യ ലഭ്യതയ്ക്ക് ഉള്ള ഉപകരണമായി ആശുപത്രികളെ മാറ്റുന്നതിൽ പ്രതിഷേധിച്ച് സംസ്ഥാന വ്യാപകമായി കരിദിനം ആചരിച്ചു.
- 02.04.20 - സംസ്ഥാന നേതൃത്വത്തിന്റെയും, തൃശൂർ ജില്ലയിലെ ഡോ രമേശ് കുമാർ പിപി, ഡോ വേണുഗോപാൽ വി.പി, ഡോ വിപി ജിൽഷോ ജോർജ് എന്നിവർ അടങ്ങിയ സംസ്ഥാന ലീഗൽ സെല്ലിന്റെയും പരിശ്രമ ഫലമായി ബഹു ഹൈക്കോടതി വിവാദ മദ്യ കുറിപ്പടി ഉത്തരവ് സ്റ്റേ ചെയ്തു.
- 05.04.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - കോവിഡ് 19 സംബന്ധിച്ചുള്ള ചർച്ച. ജില്ലാ തലത്തിൽ ലീഗൽ സെൽ രൂപീകരിച്ചു.
- 07.04.20 - സൂം ജനറൽ ബോഡി യോഗം - 67 അംഗങ്ങൾ പങ്കെടുത്തു. വ്യക്തിഗത സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്, സായാഹ്ന ഒപി ഉത്തരവ്, കോവിഡ് ആശുപത്രികൾ, സാലറി ചാലഞ്ച്, കോവിഡ് സമൂഹ വ്യാപനം എന്നിവ ചർച്ച ചെയ്യപ്പെട്ടു.
- 11.04.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - പൊതു ജനങ്ങളെ ലോക്ക് ഡൌൺ സമയത്ത് സഹായിക്കാനായി ജില്ലാ തലത്തിൽ സംഘടന മുൻകൈ എടുത്ത് ടെലി മെഡിസിൻ സേവനങ്ങൾ തുടങ്ങാൻ തീരുമാനമായി. പ്രസ്തുത ഉദ്യമത്തിന് KITE (KGMOA INITIATIVE FOR TELECONSULATION) എന്ന നാമം കൊടുക്കാൻ തീരുമാനമായി.

KITE

THRISSUR KGMOA

Online Consultation Platform

- 15.04.20 - KITE സംഘാടക സമിതി യോഗം - തുടർന്ന് 17.04.20ന് KITE (KGMOA INITIATIVE FOR TELECONSULATION) ബഹു തൃശൂർ ജില്ലാ കളക്ടർ ശ്രീ ഷാനവാസ് എസ് ഉദ്ഘാടനം ചെയ്തു.




Thrissur District Collector

17 April at 01:14 ·

ജില്ലയിൽ ആതുര സേവനം ഇനി വിരൽത്തുമ്പിൽ
====================
കേരള ഗവൺമെൻറ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ തൃശ്ശൂർ ലോക്ക് ഡൗൺ സമയത്ത് ജനങ്ങൾക്ക് സൗജന്യ സ്പെഷ്യലിസ്റ്റ് സേവനം ലഭ്യമാക്കാനായി പുതിയ ഓൺലൈൻ ടെലി കൺസൾട്ടേഷൻ സേവനം ആരംഭിച്ചു.

ലോക്ക് ഡൗൺ സമയത്ത് ജനങ്ങളോടുള്ള സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാർ ഡോക്ടർമാരുടെ ഈ ഉദ്യമത്തെ ഞാൻ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. അക്ഷയ കേന്ദ്രങ്ങൾ വഴിയോ, നേരിട്ടോ വെബ്സൈറ്റിൽ രജിസ്ട്രേഷൻ നടത്തിയശേഷം രോഗികൾക്ക് ഡോക്ടർമാരുടെ സേവനം സൗജന്യമായി ലഭിക്കുന്നതാണ്. വൈകുന്നേരം 2 മുതൽ 6 മണി വരെ ലഭ്യമാകുന്ന സേവനം ലോക്ക് ഡൗൺ കാലത്തിൽ എല്ലാവരും പ്രയോജനപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിക്കുക.

https://kgmoathrissur.com/specialist-consultation

- KITE ചെയർമാനായി ഡോ എസ് വി സുബ്രമണ്യനേയും കൺവീനറായി ഡോ ബിനോജ് ജോർജ് മാത്യുവിനേയും തിരഞ്ഞെടുത്തു.
- സന്നദ്ധസേവനത്തിന് തൽപരരായ ജില്ലയിലെ ആരോഗ്യ വകുപ്പ് സ്പെഷ്യലിസ്റ്റുകൾ ഈ ഉദ്യമത്തിന് പൂർണ പിന്തുണ തന്നു.
- 20.04.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - ടെലി മെഡിസിനെ കുറിച്ച് ഡോ എസ് വി സുബ്രമണ്യൻ ക്ളാസ് എടുത്തു.

## KITE – KGMOA INITIATIVE FOR TELECONSULTATION

പൊതുജനത്തിന് ലോക്ക് ഡൌൺ - റിവേഴ്സ് ക്വാറന്റൈൻ കാല പരിധിയിൽ ആശുപത്രിയിൽ ആശുപത്രിയിൽ പോയി ചികിത്സ തേടാൻ ഉള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് 17.04.2020 ന് ഈ ടെലിമെഡിസിൻ സേവനം (KITE – KGMOA INITIATIVE FOR TELECONSULTATION) ആരംഭിച്ചത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടെലിമെഡിസിൻ സേവനം പൊതുജനങ്ങൾക്കായി സൌജന്യമായി ലഭ്യമാക്കാൻ ഇതു മൂലം സാധ്യമായി. മെഡിസിൻ, സർജറി, ഗൈനക്കോളജി & ഒബ്സ്ടെട്രിക്സ്, പീഡിയാട്രിക്സ്, ഓർത്തോപീഡിക്സ്, ഇഎൻടി, ഒപ്താൽമോളജി, ഡെർമറ്റോളജി, സൈക്യാട്രി തുടങ്ങിയ വിവിധ സ്പെഷ്യാൽറ്റികളിലെ ഡോക്ടർമാർ ഇതിനായി നൽകിയ സേവനം പ്രത്യേകം എടുത്ത് പറയേണ്ടതാണ്. മെഡിക്കൽ കൌൺസിൽ ഓഫ് ഇന്ത്യയുടെ ടെലി മെഡിസിൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായ പ്രവർത്തനമാണ് നടത്തിയത്.

പ്രസ്തുത സേവനം ലഭിച്ച പൊതു ജനങ്ങൾ ടി സേവനത്തിൽ അത്യന്തം സന്തുഷ്ടി പ്രകടിപ്പിക്കുകയും ചെയ്തു. കെജിഎംഒഎ തൃശൂർ വെബ് സൈറ്റ് മുഖേനം ആണ് അനേകം പേർക്ക് ഈ സേവനം ലഭ്യമായത്. പൊതു ജനങ്ങൾക്ക് സൌജന്യമായി സ്പെഷ്യലിസ്റ്റ് ടെലിമെഡിസിൻ സേവനം ലഭ്യമാക്കാൻ ആയി എന്നതാണ് മറ്റ് ടെലിമെഡിസ്ൻ സേവനങ്ങളിൽ നിന്ന് KITE നെ വ്യത്യസ്തമാക്കുന്നത്.



- 22.04.2020 ന് - ഡോ സൈമൺ ഹെർക്കുലീസിന്റെ മൃതദേഹത്തിന് നേരിടേണ്ട അനാദരവിനെതിരെ സംഘടന പ്രതിഷേധിച്ചു. അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചു. ജില്ലയിലെ എല്ലാ അംഗങ്ങളും അന്ന് പ്രതിഷേധ ബാഡ്ജ് ധരിച്ചു.







- 27.04.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - എല്ലാ ജില്ലാ അംഗങ്ങൾക്കും ഫേസ് ഷീൽഡ് സംഘടന വാങ്ങി നൽകാൻ തീരുമാനമെടുത്തു.
- 29.04.20 - സൂം ജനറൽ ബോഡി യോഗം

## മെയ് 2020


- പാലക്കാട് കഞ്ചിക്കോട് നിന്ന് 400 ഫേസ് ഷീൽഡ് വാങ്ങുകയും മെയ് 3ന് ഉള്ളിൽ എല്ലാ അംഗങ്ങൾക്കുമായി എല്ലാ താലൂക്കിലും

എത്തിക്കുകയും ചെയ്തു. കർമ നിരതരായ താലൂക്ക് കൺവീനർമാർ വിതരണം പൂർത്തീകരിച്ചു.

- 20.05.2020 - ഗൂഗിൾ മീറ്റ് ജില്ലാ കമ്മിറ്റി യോഗം
- 28.05.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - അംഗത്വം ഇതു വരെ 396 (85%) അംഗങ്ങൾ എടുത്തു. മുൻ വർഷത്തെ സംഖ്യ കടന്നു.

## ജൂൺ 2020

- 07.06.20 - കെജിഎംഒഎ തൃശൂർ വനിതാ വിഭാഗം വനിതാ ആരോഗ്യ പ്രവർത്തകരെ ആദരിച്ച് കൊണ്ട് വീഡിയോ നിർമിക്കുകയും പ്രസ്തുത വീഡിയോ വൈറൽ ആകുകയും ചെയ്തു.




- 09.06.2020 - ഗൂഗിൾ മീറ്റ് ജില്ലാ കമ്മിറ്റി യോഗം - കോവിഡ് സംബന്ധിച്ച ചർച്ച
- 12.06.2020 - ചാലക്കുടി താലൂക്ക് തല മീറ്റിങ്ങ് - സൂപ്രണ്ടും ഡോക്ടർമാരും തമ്മിലുള്ള അസ്വാരസ്യം.
- 14.06.20 - വടക്കാഞ്ചേരി താലൂക്ക് തല മീറ്റിങ്ങ്
- 14.06.20 - സൂം ജനറൽ ബോഡി യോഗം - യോഗത്തിൽ കെജിഎംഒഎ സംസ്ഥാന പ്രസിഡന്റ് ഡോ ജോസഫ് ചാക്കോ, സംസ്ഥാന ട്രഷറർ ഡോ ഉണ്ണികൃഷ്ണൻ ടി, നോർത്ത് സോൺ വൈസ് പ്രസിഡന്റ് ഡോ സുരേഷ് ടിഎൻ, മിഡ് സോൺ വൈസ് പ്രസിഡന്റ് ഡോ അസീന വിഐ എന്നിവർ സന്നിഹിതരായിരുന്നു. ജില്ലാ പ്രസിഡന്റ് ഡോ റാസിം ആബിദ് ഇളയേടത്ത് ഡിഎൻബി ക്ക് ചേരുന്നതിനാൽ സ്ഥാനം ഒഴിയുന്നതായി അറിയിച്ചു. യോഗം ഡോ ജോ കുരുവിളയെ ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുത്തു.
- 24.06.20 - സൂം ജനറൽ ബോഡി യോഗം - ചാലക്കുടി വിഷയം

## ജൂലൈ 2020

- 18.07.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - ജില്ലാ മെഡിക്കൽ ഓഫീസറുമായി ഉള്ള പ്രശ്നങ്ങളിൽ ചർച്ച - പ്രതികാര നടപടികൾ എന്നു തോന്നിക്കുന്ന രീതിയിലുള്ള ജില്ലാ തല ഉത്തരവുകൾ
- 21.07.20 - സൂം ജനറൽ ബോഡി യോഗം - സംസ്ഥാന പ്രസിഡന്റ് ഡോ ജോസഫ് ചാക്കോ സന്നിഹിതൻ ആയിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രവർത്തികളിൽ അംഗങ്ങൾക്ക് ഉള്ള വിഷമതകളെ കുറിച്ച് ചർച്ച. കളക്ടറുടെ വിവാദ ഉത്തരവിനെ കുറിച്ച് ചർച്ച. യോഗത്തിൽ 98 പേർ പങ്കെടുത്തു.

## ആഗസ്റ്റ് 2020

- 13.08.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - കോവിഡ് സാഹചര്യത്തിൽ അംഗങ്ങളെ സഹായിക്കാനായി ആർആർടി രൂപീകരണം.
- 22.08.2020 - സൂം ആർആർടി യോഗം

## സെപ്റ്റംബർ 2020

- 09.09.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - കോവിഡ് പ്രശ്നം
- 20.09.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - നിസ്സഹകരണ സമരം - ചർച്ച
- 30.09.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - ഉത്തരവാദിത്വം വയ്യ എന്ന തലക്കെട്ടുള്ള തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ മനോരമ പത്രത്തിലൂടെ ചാർജ് മെഡിക്കൽ ഓഫീസർമാർക്ക് എതിരെ ഉള്ള പത്ര പ്രസ്താവന - ചർച്ച, ഫാർമസി വിഷയം - ചർച്ച

## ഒക്ടോബർ 2020

- 08.10.20 - കൊടുങ്ങല്ലൂർ താലൂക്ക് തല മീറ്റിങ്ങ് - ഡോക്ടർമാരുടെ വിഷമതകൾ - ചർച്ച
- 14.09.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - ക്ലാസ് 3 കോവിഡ് 19 രോഗികളെ സൌകര്യം ഇല്ലാത്ത താലൂക്ക് /ജില്ലാ ആശുപത്രികളിൽ ചികിത്സിക്കാനുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ തീരുമാനം - ചർച്ച
- 15.10.20 - സൂം ജനറൽ ബോഡി യോഗം - ടി വിഷയത്തിൽ സംഘടനയോട് നേരിട്ട് ചർച്ച ചെയ്യാൻ ജില്ലാ മെഡിക്കൽ ഓഫീസർ വിസമ്മതിക്കുന്നതിനാൽ ജില്ലാ കളക്ടറെ വിവരങ്ങൾ ധരിപ്പിക്കാനും ടി വിവരങ്ങൾ പത്ര സമ്മേളനം നടത്തി മാധ്യമങ്ങളെ അറിയിക്കാൻ യോഗ തീരുമാനം. യോഗത്തിൽ 96 പേർ പങ്കെടുത്തു.
- 19.10.20 - പ്രസ് മീറ്റ് - തൃശൂർ പ്രസ് ക്ലബ്




- 26.10.20 - ബഹു സംസ്ഥാന പ്രസിഡൻ ഡോ ജോസഫ് ചാക്കോ യുടെ മദ്ധ്യസ്ഥതയിൽ തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസറുമായി അനുരഞ്ജന ചർച്ച
- 28.10.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - അനുരഞ്ജന ചർച്ച വിശദാംശങ്ങളെ കുറിച്ച് ജില്ലാ കമ്മിറ്റിയെ ധരിപ്പിക്കൽ
- 31.10.20 - സൂം ജനറൽ ബോഡി യോഗം - അനുരഞ്ജന ചർച്ച വിശദാംശങ്ങളെ കുറിച്ച് അംഗങ്ങളെ ധരിപ്പിക്കൽ. അംഗത്വം പൂർത്തീകരിച്ചു എന്ന് ട്രഷറർ അറിയിച്ചു - 420.

## നവംബർ 2020

- 16.11.20 - ആർആർടി മീറ്റിങ്ങ് - ആർ ആർ ടി ക്ക് പുതിയ പേരും, ലോഗോയും അംഗങ്ങളുടെ ഇടയിലുള്ള വോട്ടെടുപ്പ് കൊണ്ട് കണ്ടെത്തുന്നു - DELTA – DOCTORS EMERGENCY LIFE SAVING TASK FORCE




- 19.11.20 - ഡെൽറ്റ - വടക്കാഞ്ചേരി താലൂക്ക് മീറ്റിങ്ങ്

### DOCTORS EMERGENCY LIFE SAVING TASKFORCE (DELTA)

കോവിഡ് സമൂഹത്തിൽ പരിഭ്രാന്തി സൃഷ്ടിച്ച് കൊണ്ടിരുന്ന സാഹചര്യത്തിൽ സ്വന്തം ആരോഗ്യം വക വെക്കാതെ മുന്നിട്ടിറങ്ങി കോവിഡ് 19 മഹാമാരിയെ നേരിട്ടവരാണ് ആരോഗ്യ പ്രവർത്തകർ. ജോലിയുടെ ഭാഗമായി രോഗ ബാധിതരാകുമ്പോൾ സമൂഹം ആരോഗ്യ പ്രവർത്തകരെ ഭീതിയോടെ കണ്ടിരുന്ന ഒരു സാഹചര്യം അന്ന് നില നിന്നിരുന്നു. കോവിഡ് ഡ്യൂട്ടി എടുക്കുന്ന ആരോഗ്യ പ്രവർത്തകരിൽ നിന്നും അവരുടെ കുടുംബത്തിൽ നിന്നും സമൂഹം അകന്നു നിന്ന സാഹചര്യം വരെ ചില സ്ഥലങ്ങളിൽ ഉണ്ടായി. കെജിഎംഒഎ മിഡ് സോൺ വൈസ് പ്രസിഡന്റായിരുന്ന അസീന മാഡത്തിന്റെ അനുജൻ നമ്മളെ വിട്ട് പോകുകയും അദ്ദേഹത്തിന്റെ കുടുബത്തിന് സമാനമായ സാഹചര്യം നേരിടേണ്ടി വന്നപ്പോൾ ആണ് ജനങ്ങളെ കോവിഡിൽ നിന്ന് സംരക്ഷിക്കുന്ന ആരോഗ്യ പ്രവർത്തകരെ ആര് സംരക്ഷിക്കും എന്ന ചോദ്യം ഉരുത്തിരിഞ്ഞ് വന്നത്.

ഈ ലക്ഷ്യത്തോടെ ഉരുത്തിരിഞ്ഞ് രൂപം കൊണ്ട കെജിഎംഒഎ തൃശൂർ ഇനീഷ്യേറ്റീവ് ആണ് ഡെൽറ്റ (DOCTORS EMERGENCY LIFE SAVING TASK

FORCE). ഡെൽറ്റയുടെ ഭാഗമായി ഓരോ താലൂക്ക് തലത്തിലും സന്നദ്ധരായ ഡോക്ടർമാരുടെ ടീം സൃഷ്ടിക്കുകയും, ഓരോ വീട്ടിലും അവശ്യ മരുന്ന്, ഇൻജക്ഷൻ എന്നിവ അടങ്ങിയ ഫസ്റ്റ് എയ്ഡ് ബോക്സ് നിർമിക്കുകയും, എല്ലാ കെജിഎംഒഎ തൃശൂർ അംഗങ്ങളുടേയും മെഡിക്കൽ വിവരങ്ങൾ. ജിപിഎസ് ലോക്കേഷൻ, ബന്ധുക്കളുടെ കോൺടാക്ട് നമ്പർ എന്നിവ അടങ്ങിയ കേന്ദ്രീകൃത ഡാറ്റാ ബേസ് സൃഷ്ടിക്കുകയും ചെയ്തു.

ഓരോ താലൂക്കിലും അംഗങ്ങളുടെ കുടുബാംഗങ്ങൾക്ക് വേണ്ടി ഫസ്റ്റ് എയ്ഡ് ക്ളാസുകൾ സൂം വീഡിയോ കോൺഫറൻസ് വഴി സംഘടിപ്പിച്ചു. അടിയന്തിര സാഹചര്യത്തിൻ പെട്ട അനേകം കെജിഎംഒഎ തൃശൂർ അംഗങ്ങൾക്ക് ഡെൽറ്റ വഴി സഹായം എത്തിക്കാൻ കഴിഞ്ഞു.

## ഡിസംബർ 2020

- 02.12.20 - ഡെൽറ്റ - ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ താലൂക്ക് മീറ്റിങ്ങ്
- 03.12.20 - ഡെൽറ്റ - വടക്കാഞ്ചേരി, ചാലക്കുടി - അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഫസ്റ്റ് എയ്ഡ് ക്ളാസ്
- 07.12.20 - സൂം ജനറൽ ബോഡി യോഗം - 2021 വർഷത്തെ ജില്ലാ ഭാരവാഹികളെ യോഗം തിരഞ്ഞെടുക്കുന്നു. ഡോ അസീന വി.ഐ - ജില്ലാ പ്രസിഡന്റ്, ഡോ വിപി വേണുഗോപാൽ - ജില്ലാ സെക്രട്ടറി, ഡോ ജിൽഷോ ജോർജ് - ജില്ലാ ട്രഷറർ
- 11.12.20 - ഡെൽറ്റ - ചാവക്കാട്, കുന്നംകുളം മീറ്റിങ്ങ്
- 13.12.20 - ഡെൽറ്റ - ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ - അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഫസ്റ്റ് എയ്ഡ് ക്ളാസ്
- 19.12.20 - ഡെൽറ്റ - ചാവക്കാട്, കുന്നംകുളം - അംഗങ്ങളുടെ കുടുംബാംഗങ്ങൾക്ക് ഫസ്റ്റ് എയ്ഡ് ക്ളാസ്
- 27.12.2020 - സൂം ജില്ലാ കമ്മിറ്റി യോഗം - തൃശൂരിലെ കെജിഎംഒഎ സ്ഥലം സംബന്ധിച്ച് ചർച്ച

## സംഗ്രഹം

ഈ സംഘടനാ വർഷം മുൻ വർഷങ്ങളേക്കാൾ തീർത്തും വ്യത്യസ്തമായിരുന്നു. കോവിഡ് 19 മഹാമാരി ലോകത്തെ എന്നേന്നേക്കുമായി മാറ്റി മറിച്ച പ്രതികൂല സാഹചര്യത്തിലും കൂടെ നിന്ന് പ്രവർത്തിച്ച എല്ലാവരോടും ഞാൻ അകമഴിഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു. ആരുടേയും പേര് പ്രത്യേകമായി കുറിക്കാത്തത് അനേകം പേരുകൾ കുറിക്കാനുള്ളത് കൊണ്ടാണ്. അതായത് ഓരോ അംഗത്തിനോടും (420ൽ അധികം പേരോട്) കടപ്പെട്ടത് കൊണ്ട് ആണ്.

ഈ സംഘടനാ വർഷത്തിൽ പൂർണമായും സംഘടനയ്ക്ക് വേണ്ടി ആത്മാർത്ഥതയോട് കൂടി പ്രവർത്തിക്കാനായി എന്ന് വിശ്വസിക്കുന്നു. പ്രവർത്തനത്തിന്റെ ഭാഗമായി ആർക്കെങ്കിലും വിഷമമുണ്ടായി എങ്കിൽ ക്ഷമ ചോദിക്കുന്നു. അംഗങ്ങളുടെ അവകാശങ്ങൾക്കായി, പൊതുജന നന്മയ്ക്കായി, ആരോഗ്യ വകുപ്പിന്റെ ഉന്നതിക്കായി തീവ്രമായി പ്രയത്നിക്കുന്ന ഒരു ടീം തൃശൂരിൽ നില നിൽക്കുന്നതിൽ അത്യന്തം അഭിമാനം രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ സംഗ്രഹിക്കുന്നു.

ജയ് കെജിഎംഒഎ

ജയ് ഹിന്ദ്

ഡോ ബിനോജ് ജോർജ് മാത്യു

സെക്രട്ടറി, കെജിഎംഒഎ തൃശൂർ

01.01.2021